**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3016 22.02.2016-ൽ മറുപടിയ്ക്ക്

**ഇ-മിസ്സ് പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ് : | | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
| (എ) | സ്റ്റേഷനറി വകുപ്പിൽ ഇ-മിസ്സ് (ഇലക്ട്രോണിക്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ; | (എ) | പ്രഖ്യാപനം നടത്തിയിട്ടില്ല. സ്റ്റേഷനറി വകുപ്പിൽ സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച ഒരു സിസ്റ്റമാണ് ഇത്. ഈ സോഫ്ട് വെയർ ഉപയോഗിക്കുന്നതിലൂടെ സ്റ്റേഷനറി സാധനങ്ങളുടെ സംഭരണവും വിതരണവും കുറ്റമറ്റതാക്കുക എന്നതാണ് ലക്ഷ്യം. ഇത് 90% വും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഷനറി വകുപ്പിന്റെ ആധുനിക വൽകരണത്തിനായി ആകെ അനുവദിച്ചതും നാളിതുവരെയായി ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്നതുമായ തുകകൾ എത്രയെന്ന് വെളിപ്പെടുത്താമോ? | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. ചെലവഴിക്കാത്ത തുകകൾ അതാത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| വർഷം | അനുവദിച്ചത് | ചെലവാക്കിയത് | |
|---|---|---|---|
| 2011-12 | 25 ലക്ഷം | 24.81 ലക്ഷം | ബാക്കി 0.9 ലക്ഷം രൂപ സറണ്ടർ ചെയ്തു. |
| 2012-13 | 40 ലക്ഷം | 25 ലക്ഷം | പേപ്പർ ടെസ്റ്റിംഗ് ലാബിന് അവശ്യം വേണ്ട ഉപകരണങ്ങളുടെ വില കുറവായതിനാൽ ബാക്കി 15 ലക്ഷം രൂപ സറണ്ടർ ചെയ്തു. |
| 2013-14 | 32 ലക്ഷം | 14.37 ലക്ഷം | പേപ്പർ ടെസ്റ്റിംഗ് ലാബിനുവേണ്ടി ബെൻഡിംഗ് സ്റ്റിഫ്നെസ്സ് ടെസ്റ്റർ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതനുസരിച്ച് ഒരു സ്ഥാപനം മാത്രം ടെണ്ടറിൽ പങ്കെടുത്തതിനാൽ റീ-ടെണ്ടർ ക്ഷണിക്കുകയുണ്ടായി. കരാറുകാരുടെ അഭാവം നിമിത്തം വാങ്ങാൻ കഴിയാത്തതിനാൽ 17.62 ലക്ഷം രൂപ സറണ്ടർ ചെയ്തു. |
| 2014-15 | 17 ലക്ഷം | 9 ലക്ഷം | കരാറുകാരുടെ അഭാവം നിമിത്തം പേപ്പർ ടെസ്റ്റിംഗ് ലാബിനാവശ്യമായ ഡിജിറ്റൽ മൈക്രോമീറ്റർ വാങ്ങാൻ കഴിയാത്തതിനാൽ 8 ലക്ഷം രൂപ സറണ്ടർ ചെയ്തു. |
| 2015-16 | 25 ലക്ഷം | 3.34 ലക്ഷം | ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ